LIBRARY ARCHIVES Kerala Legislative Assembly

## കാസർഗോഡ് മത്സ്യബന്ധന ഇറമുഖം

170 (1997) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഇറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് മത്സ്യബന്ധന ഇറമുഖം എപ്പോഴാണ് ഉദ്ഘാടനം ചെയ്യുക ; ഇതിന്റെ നിർമ്മാണം ഏത് ഘട്ടത്തിലായി എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത നിർമ്മാണവുമായി ബന്ധപ്പെട്ട് ഏതെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ ; എങ്കിൽ അതു സംബന്ധിച്ച് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കാസർഗോഡ് മത്സ്യബന്ധന ഇറമുഖത്തിന്റെ നിർമ്മാണം അവസാന ഘട്ടത്തിലാണ്. ഹാർബറിലേക്കുള്ള അപ്രോച്ച് റോഡിന്റെ നിർമ്മാണവും വൈദ്യുതീകരണ പ്രവൃത്തികളും ഒഴികെയുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന പ്രവൃത്തികൾ ഡിസംബർ അവസാനത്തോടുകൂടി പൂർത്തീകരിച്ച് ടി പദ്ധതി 2016 ജനുവരി മാസത്തോടെ കമ്മീഷൻ ചെയ്യാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) പ്രസ്തുത നിർമ്മാണവുമായി ബന്ധപ്പെട്ട് പുലിമുട്ടുകളുടെ സ്ഥാനം സംബന്ധിച്ച് മത്സ്യത്തൊഴിലാളികളിൽനിന്നും പരാതി ലഭിച്ചിട്ടുണ്ട്. ടി പരാതി പുലിമുട്ട് രൂപകൽപ്പന നടത്തിയ കേന്ദ്രസർക്കാർ സ്ഥാപനമായ CWPRS-നെ അറിയിക്കുകയും CWPRS-ൽനിന്നും റിപ്പോർട്ട് ലഭിക്കുകയും ചെയ്തിട്ടുണ്ട്. ആയത് പ്രകാരം പുലിമുട്ടുകൾക്കിടയിൽ മണ്ണടിയുന്നതിന്റെ വിശദാംശങ്ങളും വെള്ളത്തിന്റെ ഒഴുക്ക് സംബന്ധിച്ച വിശദാംശങ്ങളും കൃത്യമായ ഇടവേളകളിൽ പരിശോധിക്കാനും ആയതിന്റെ അടിസ്ഥാനത്തിൽ ഭേദഗതികൾ ആവശ്യമെങ്കിൽ വരുത്താനുമാണ് അറിയിച്ചിരിക്കുന്നത്. പുലിമുട്ടുകൾക്കിടയിലുള്ള നിലവിലെ അകലം ബോട്ടുകൾ പ്രവേശിക്കുന്നതിന് പര്യാപ്തമാണെന്നും CWPRS അറിയിച്ചിട്ടുണ്ട്.

## പുതിയങ്ങാടി ഫിഷിംഗ് ഹാർബർ

171 (1998) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഇറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ പുതിയങ്ങാടിയിൽ ഫിഷിംഗ് ഹാർബർ നിർമ്മാണവുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാർ ഏജൻസിയായ പൂനെയിലെ സി.ഡബ്ല്യു.പി.ആർ.എസ്. നടത്തിവരുന്ന പഠനം പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ എപ്പോൾ പൂർത്തീകരിക്കാൻ കഴിയും ; ഏതൊക്കെ വിധത്തിലുള്ള പഠനങ്ങളാണ് പൂർത്തീകരിച്ചിട്ടുള്ളത് ;